മറിച്ച് ബോർഡ് ഒരു ആട്ടോണമസ് ബോഡിയാണ് എന്നുള്ള ഒരു ഒബ്സർവേഷനാണ് നടത്തിയിട്ടുള്ളത്. എങ്കിലും ഗവൺമെൻറ് ഇത് പരിശോധിക്കുന്നുണ്ട്.

ശ്രീ. ഇ.കെ. നായനാർ: നേരത്തെ പറഞ്ഞതിന് നേരെ വിപരീതമാണ് മന്ത്രി ഇപ്പോൾ പറയുന്ന മറുപടി. ഇങ്ങനെ പറയാൻ സ്പീക്കർ മന്ത്രിമാരെ അനുവദിക്കുന്നത് ശരിയല്ല.

ശ്രീ. കാനം രാജേന്ദ്രൻ: ജാനകിയമ്മ കമ്മീഷൻ റിപ്പോർട്ടിൽ വളരെ ടെക്നിക്കൽ ഗ്രൗണ്ടിലാണ് ബഹുമാനപ്പെട്ട മന്ത്രിക്ക് ഇതിൽ പങ്കില്ല എന്നു പറഞ്ഞിരിക്കുന്നത്. ആരോപണങ്ങളെക്കുറിച്ച് ഓരോന്നായി പരിശോധിച്ചുകഴിഞ്ഞതിനുശേഷം കേരളാസ്റ്റേറ്റ് ഇലക്ട്രിസിറ്റിബോർഡ് ഒരു ആട്ടോണമസ് ബോഡി ആയതുകൊണ്ട് ഇറെഗുലാരിറ്റികൾക്ക് ഉത്തരവാദിത്വം ബോർഡിനാണെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഒരു അഴിമതി നടന്നിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ അതിന്റെയടിസ്ഥാനത്തിൽ സ്വീകരിക്കുന്ന നടപടി എന്നുള്ള നിലയിൽ ഇലക്ട്രിസിറ്റി ബോർഡിലെ അന്നത്തെ ഭാരവാഹികൾക്കും ഉദ്യോഗസ്ഥൻമാർക്കും എതിരായി ഏതെങ്കിലും നോട്ടീസ് കൊടുക്കുകയോ അവരോട് വിശദീകരണം ചോദിക്കുകയോ ഇതുവരെ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. വയലാർ രവി: ഇതുവരെ അങ്ങനെയൊരു നടപടി ബോർഡിൽ നിന്നു സ്വീകരിച്ചതായി അറിയില്ല.

ഇലക്ട്രിസിറ്റി ബോർഡിൽ പണിമുടക്കിൽ പങ്കെടുത്തതിന്റെ പേരിൽ സസ്പെൻഡ് ചെയ്യപ്പെട്ടവർ

* 165 [211] ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി:
,, ഇ.ടി. മുഹമ്മദ് ബഷീർ:
,, കെ.പി.എ. മജീദ്:
,, പി.കെ.കെ. ബാവ:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിൽ പൊതുപണിമുടക്കിൽ പങ്കെടുത്തതിന്റെ പേരിലുള്ള ശിക്ഷണനടപടി എന്ന നിലയിൽ എത്ര ജീവനക്കാരെ സസ്പെൻഡ് ചെയ്തു;

(ബി) ഇതിൽ എത്ര പേരുടെ സസ്പെൻഷൻ പിൻവലിച്ചു;

(സി) എന്ത് മാനദണ്ഡമനുസരിച്ചാണ് സസ്പെൻഷൻ പിൻവലിച്ചത്?

ധനകാര്യവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി):

(എ) പണിമുടക്കാനവകാശമുള്ള ആരേയും പണിമുടക്കിൽ പങ്കെടുത്തതിന്റെ പേരിൽ സസ്പെന്റ് ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി,) (സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ: പണിമുടക്കിൽ പങ്കെടുത്തതിന്റെ ഫലമായി ഒരു പ്രതികാര നടപടി എന്നുള്ള നിലയിലാണ് കൂട്ടമായ ട്രാൻസ്ഫറുകൾ നടത്തിയിട്ടുള്ളത് എന്ന് കെ.എസ്.ഇ.ബി. യിലെ എല്ലാ യൂണിയനുകളുടെയും ഭാഗത്തുനിന്നും പരാതി ഉയർന്നുവന്ന പരിത സ്ഥിതിയിൽ കെ.എസ്.ഇ.ബി.യിലെ എല്ലാ യൂണിയനുകളേയും വിളിച്ചുകൂട്ടി ഈ പ്രശ്നത്തെ സംബന്ധിച്ച് രമ്യമായി പരിഹാരമുണ്ടാക്കുന്നതിന് മുൻകൈയെടുക്കാൻ ഗവൺമെന്റ് സന്നദ്ധമാകുമോ?

ശ്രീ. കെ.എം. മാണി: ഇതിനെപ്പറ്റി പരാതിയുണ്ടായിരിക്കാം. വസ്തുത എന്നു പറയുന്നത് അഡ്മിനിസ്ട്രേറ്റീവ് കൺവീനിയൻസിനു വേണ്ടി നടത്തിയ ട്രാൻസ്ഫറാണ്. അതിലുപരി, ട്രാൻസ്ഫറുകൾ ആർക്കെങ്കിലും അസൗകര്യമാണെന്ന് അറിയിക്കുന്ന പക്ഷം അവർക്കൊക്കെ ഇപ്പോൾ ഞാൻ ട്രാൻസ്ഫർ കൊടുക്കുന്നുണ്ട്.

ശ്രീ. കെ.പി.എ. മജീദ്: ഇലക്ട്രിസിറ്റി ബോർഡിലുണ്ടായ പൊതുപണിമുടക്കിനെത്തുടർന്ന് നടന്ന അക്രമസംഭവത്തോടനുബന്ധിച്ച് എത്രപേരെ സസ്പെൻറ് ചെയ്തിട്ടുണ്ട്? അങ്ങനെ സസ്പെൻറു ചെയ്യപ്പെട്ടവരെ തിരിച്ചെടുത്തിട്ടുണ്ടോ?

ശ്രീ. കെ.എം. മാണി: സബ്ട്രാഷ് തുടങ്ങിയ ക്രിമിനൽ കുറ്റങ്ങൾ നടത്തി എന്നതിന്റെ പേരിൽ 188 പേരുടെമേൽ നടപടി സ്വീകരിച്ചിട്ടുണ്ട്. 188 പേരിൽ കേസ് രജിസ്റ്റർ ചെയ്തതിനുശേഷം കുറ്റക്കാരല്ലെന്നുകണ്ട് റഫർ ചെയ്ത കേസുകളുണ്ട്. കോടതിയിൽനിന്നും വിട്ട കേസുകളുണ്ട്. ഇങ്ങനെയുള്ള കേസുകളിൽ നടപടികൾ സ്വീകരിച്ചിട്ടില്ല. അത് ഒഴിച്ച് ബാക്കി കേസുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ.പി.എ. മജീദ്: സസ്പെൻഷനിൽ നിൽക്കുന്ന ചില ആളുകളെ ഒരു മാനദണ്ഡവും നോക്കാതെ തിരിച്ചെടുത്തതായിട്ടുള്ള ഒരു പരാതിയുണ്ട്. അത് ശരിയാണോ?

ശ്രീ. കെ.എം. മാണി: ഏത് വിഭാഗത്തെ സംബന്ധിച്ചിടത്തോളമാണെന്ന് വ്യക്തമാക്കിയാൽ കൊള്ളാം.

ശ്രീ. പി.കെ.കെ. ബാവ: ജീവനക്കാരോട് ബഹുമാനപ്പെട്ട മന്ത്രി വളരെ ഉദാരമായ ഒരു നിലപാടാണ് സ്വീകരിച്ചതെന്ന് പരക്കെ ധാരണയുണ്ടായ സാഹചര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള ശിക്ഷണ നടപടികളെന്നു തോന്നിക്കാവുന്ന എന്തെങ്കിലുമുണ്ടായിട്ടുണ്ടെങ്കിൽ അതുകൂടി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ.എം. മാണി: ശിക്ഷണനടപടികൾ ഇനി അവശേഷിക്കുന്നത്, 1983 ലെ സമരത്തെ സംബന്ധിച്ചിടത്തോളം എട്ടു പേരുടെ എൻക്വയറി പെൻഡിംഗാണ്. 1984-ലെ സമരത്തെ സംബന്ധിച്ചിടത്തോളം അഞ്ചുപേരുടെ എൻക്വയറി പെൻഡിംഗാണ്. മനസ്സാക്ഷിയനുസരിച്ച്, നീതിനിഷ്ഠമായിത്തന്നെ അതിൻമേൽ തീരുമാനമെടുക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്തു സൂപ്പി: ഇലക്ട്രിസിറ്റി ബോർഡിൽ പണി മുടക്കാൻ അവകാശമില്ലാത്തവർ പണിമുടക്കിയിട്ടുണ്ടെന്നും അവരെ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നും പണിമുടക്കാൻ അവകാശമുള്ളവർ പണിമുടക്കിയിട്ടുണ്ടെങ്കിൽ നടപടിയെടുത്തിട്ടില്ലെന്നും മന്ത്രി പറഞ്ഞു. ഏതായാലും ഈ രണ്ടിനങ്ങളിലുമായി എത്ര പേരെ സസ്പെൻഡു ചെയ്തിട്ടുണ്ട്? എത്രപേരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നു പറയാമോ?

ശ്രീ. കെ.എം. മാണി: ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ടസ് ആക്ടനുസരിച്ചും ഹൈക്കോടതിയുടെ ജഡ്ജ്മെൻറ് അനുസരിച്ചും അസിസ്റ്റൻറ് എഞ്ചിനീയർമാർക്ക് പണിമുടക്കാൻ അവകാശമില്ല. അവകാശമില്ലാത്ത അസിസ്റ്റൻറ് എഞ്ചിനീയർമാർ പണിമുടക്കിയതിൻെറ പേരിൽ 1983-ലെ സമരത്തിൽ 12 പേരെ സസ്പെൻഡു ചെയ്തു. 1984-ലെ സമരത്തിൽ ഏഴുപേരെ സസ്പെൻഡു ചെയ്യുകയുണ്ടായി.

ശ്രീ. എ.കെ. പത്മനാഭൻ: പണിമുടക്കിയ ജീവനക്കാരോട് ഇപ്പോഴും ഉദാരമായ സമീപനമാണ് ബഹുമാനപ്പെട്ട മന്ത്രി എടുക്കുന്നതെന്നു പറഞ്ഞു. മുമ്പ് പണിമുടക്കു സമരത്തിൽ പങ്കെടുത്തതിൻെറ പേരിൽ പിരിച്ചുവിടപ്പെട്ട അസിസ്റ്റൻറു എഞ്ചിനീയർമാർ ഇലക്ട്രിസിറ്റി ബോർഡിലുണ്ട്. അവരെ തിരിച്ചെടുക്കാനുള്ള ഒരു നടപടി ഗവൺമെൻറിൻെറ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. കെ.എം. മാണി: തെറ്റിദ്ധാരണ വരരുത്. എനിക്ക് പണിമുടക്കിനോട് യാതൊരു ഔദാര്യവും ഇല്ല. ഒരു ഉദാരത ഞാൻ പ്രകടിപ്പിക്കുന്നുമില്ല. ഇതിനകത്ത് ഒരു വിക്ടിമൈസേഷനുമില്ല. 1984-ലെ പണിമുടക്കിൽ ഏഴു പേരെ സസ്പെൻഡു ചെയ്തതിൽ രണ്ടു പേരെ തിരികെ പ്രവേശിപ്പിച്ചു. 1983-ലെ സമരത്തിൽ പങ്കെടുത്ത് സസ്പെൻഡു ചെയ്യപ്പെട്ടവരിൽ ഒരാളെ റീ ഇൻസ്റ്റേറ്റ് ചെയ്തു. ബാക്കിയുള്ളവരുടെ എൻക്വയറി പൂർത്തിയായിട്ട് നടപടിയെടുക്കുന്നതാണ്.

ശ്രീ. കെ.പി. രാമൻ: നേരത്തെ ട്രാൻസ്ഫർ ചെയ്തവരിൽ റിട്ടയർ ചെയ്യാൻ ഒന്നുരണ്ടു മാസം മാത്രമുള്ള ജീവനക്കാരും ഉണ്ട്. അവരാണെങ്കിൽ മന്ത്രി സൂചിപ്പിച്ചതുപോലെ ട്രാൻസ്ഫർ റദ്ദ് ചെയ്തുകിട്ടുന്നതിന് മന്ത്രിയെ അപ്രോച്ച് ചെയ്യാൻ തയ്യാറാകുന്നില്ല. ഇത്തരക്കാരെ കണ്ടുപിടിച്ച് അവർക്ക് വേണ്ട സ്ഥലത്തുതന്നെ ട്രാൻസ്ഫർ നൽകുന്നതിനുവേണ്ടി എന്തെങ്കിലും നിർദ്ദേശം നൽകുമോ?

ശ്രീ. കെ.എം. മാണി: ട്രാൻസ്ഫറിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട സഭയെ ഞാൻ അറിയിക്കാൻ ആഗ്രഹിക്കുന്നത് അഡ്മിനിസ്ട്രേറ്റീവായിട്ടുള്ള ഡിഫിക്കൽറ്റിയില്ലെങ്കിൽ കഴിയുന്നതും ജീവനക്കാർക്ക് സൗകര്യപ്രദമായ പോസ്റ്റിംഗ് കൊടുക്കണമെന്നുള്ള നയമാണ് ഞാൻ അവലംബിച്ചിട്ടുള്ളത്.

ശ്രീ. എസ്.ആർ. തങ്കരാജ്: പൊതുപണിമുടക്കിൽ ശിക്ഷണനടപടികളും എടുത്തതായി മന്ത്രി സൂചിപ്പിക്കുകയുണ്ടായി. കോടതി ഫൈൻഡിംഗ്സിൻെറ അടിസ്ഥാനത്തിലാണോ ശിക്ഷണനടപടികളും ഇപ്പോഴും തുടർന്നുപോകുന്നതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.എം. മാണി: കോടതി ഫൈൻഡിംഗ്സിന്റെ അടിസ്ഥാനത്തിലല്ല. ശിക്ഷണനടപടികളെ സംബന്ധിച്ചിടത്തോളം കോടതി ഫൈൻഡിംഗ് ഇല്ലാതെതന്നെ എടുക്കാനുള്ള അവകാശമുണ്ട്. ആ അവകാശത്തിന്റെ അടിസ്ഥാനത്തിൽ ഓരോ കുറ്റത്തെ സംബന്ധിച്ചിടത്തോളവും ഡിസിപ്ലിനറി പ്രൊസീഡിംഗ് നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. ജിനദേവൻ: സ്ഥലം മാറ്റങ്ങൾ ഒരു ശിക്ഷണ നടപടിയായി അംഗീകരിച്ചിട്ടില്ലെങ്കിലും കഴിഞ്ഞ പണിമുടക്കിനെ തുടർന്ന് അനേകം ആളുകളെ പല സ്ഥലത്തേയ്ക്കും മാറ്റിയിട്ടുണ്ട്, സസ്പെൻറ് ചെയ്തിട്ടുണ്ട്. ഇങ്ങനെ പല ശിക്ഷണനടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ മന്ത്രി സ്വീകരിച്ചിട്ടുള്ള ഈ ഉദാരമായ നിലപാട് പരിഗണിച്ച് ഇതിന് ഒരു പൊതുമാപ്പ് കൊടുത്ത് ആ നടപടികളെല്ലാം റദ്ദ് ചെയ്യാൻ തയ്യാറാകുമോ?

ശ്രീ. കെ.എം. മാണി: ഇതൊരു വീക്ഷണത്തിന്റെ വ്യത്യാസമാണ്. പണിമുടക്കുകാലത്ത് നടത്തിയ ട്രാൻസ്ഫറുകളെല്ലാം പണിമുടക്കിന്റെ പേരിലല്ല. പണിമുടക്കിന്റെ പേരിൽ അങ്ങനെ വൈരാഗ്യത്തോടെ സ്ഥലമാറ്റം നടത്തിയിട്ടില്ല, അഡ്മിനിസ്ട്രേറ്റീവ് കൺവീനിയൻസിനുവേണ്ടിയാണ്. അതാണ് ഞാൻ പറഞ്ഞത് ആർക്കെങ്കിലും എന്തെങ്കിലും കുടുംബപരമായ ബുദ്ധിമുട്ടോ വ്യക്തിപരമായ ബുദ്ധിമുട്ടോ ഉണ്ടെന്ന് എന്നെ അറിയിക്കുന്നുവെങ്കിൽ തീർച്ചയായും ആ കേസിനെ സംബന്ധിച്ചിടത്തോളം അഡ്മിനിസ്ട്രേറ്റീവ് ബുദ്ധിമുട്ട് ഇല്ലെങ്കിൽ പരിഹരിച്ചുകൊടുക്കാം.

കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത വർക്കുകൾ

* 166 [212] ശ്രീ. കെ.ടി. കുഞ്ഞാരൻ:

" കെ.പി. പ്രഭാകരൻ:

" വി.കെ. രാജൻ:

" കെ.ആർ. ചന്ദ്രമോഹനൻ:

" പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഇപ്പോൾ ഏറ്റെടുത്തു നടത്തിക്കൊണ്ടിരിക്കുന്ന വർക്കുകൾ ഏതെല്ലാം;

(ബി) ഈ കോർപ്പറേഷൻ തൊഴിലാളികളുടെ ഇടയിലുള്ള 'മേസ്തിരി'മാർക്ക് അടങ്കലായി സബ് കോൺട്രാക്ട് കൊടുക്കുന്നുണ്ടോ;

(സി) ഈ സ്ഥാപനത്തിനു 1982-നു ശേഷം പ്രതിവർഷം ഉണ്ടായിട്ടുള്ള ലാഭം എത്രയാണ്?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിഹാജി): (എ) ലിസ്റ്റ് മേശപ്പുറത്തുവച്ചിട്ടുണ്ട്.

* അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly